പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2575 28-10-2026-ൽ മറുപടിയ്ക്ക്

പട്ടികജാതി വികസന വകുപ്പിലെ ക്ലർക്ക് തസ്തികയിലെ നിയമനം ക്രമപ്പെടുത്തുന്നത്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി

(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി വികസന വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന പ്രദീപ് റാണ ആർ എസ് എന്നയാൾക്ക് പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാതെ പ്രൊബേഷൻ ഡിക്ലയർ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്

(ബി) പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ടിയാന്റെ സർവീസ് ക്രമവൽക്കരിച്ചതും പ്രൊബേഷൻ ഡിക്ലയർ ചെയ്തതും എന്തടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ;

മറുപടി: പട്ടികജാതി വികസന വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ നിയമിതനായ ശ്രീ. പ്രദീപ് റാണ ആർ.എസ് സർക്കാർ സർവ്വീസിന് അനുയോജ്യനല്ല എന്ന തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ വേരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം ടിയാനെ സർക്കാർ സേവനത്തിൽ നിന്നും പിരിച്ച് വിടുകയും ടിയാനെതിരെ തീർപ്പാക്കാൻ അവശേഷിച്ചിട്ടുള്ള കേസിന്റെ അന്തിമ വിധിക്കു വിധേയമായി ജോലിയിൽ പുന:പ്രവേശിപ്പിക്കുന്നതിനുള്ള ഉത്തരവ് പ്രകാരം ടിയാനെ ക്ലർക്ക് തസ്തികയിൽ പുന: പ്രവേശിപ്പിക്കുകയും ചെയ്തിരുന്നു.പ്രസ്തുത കേസിൽ ടിയാനെ കുറ്റ വിമുക്തനാക്കിയതിന് ശേഷം പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ പ്രദീപ് റാണ ആർ.എസ് ടിയാന്റെ നിയമനം ക്രമീകരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാക്കാതെ ടിയാളുടെ നിയമനം ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ മേൽ കാലയളവിൽ വകുപ്പിലെ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച സീറ്റ് കൈകാര്യം ചെയ്തിരുന്ന ശ്രീ. പ്രദീപ് റാണ ആർ.എസ് തന്നെയാണ് ടിയാൻ സർവ്വീസ് ക്രമീകരണം, പ്രൊബേഷൻ ഡിക്ലറേഷൻ എന്നിവ കൈകാര്യം ചെയ്തിട്ടുള്ളത്.

(സി) ടിയാന്റെ സർവ്വീസ് ക്രമീകരിച്ചത് സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വ്യക്തമാക്കാമോ; ചട്ടലംഘനം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമോ;

മറുപടി: ശ്രീ. പ്രദീപ് റാണ ആർ.എസ് ന്റെ സർവ്വീസ് ക്രമീകരിച്ചത് സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	തസ്തിക	പേര്
1	ഡയറക്ടർ	ശ്രീമതി. ശ്രീവിദ്യ പി ഐ IAS
2	സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ	ശ്രീ. ശ്രീലാൽ ടി വി
3	സൂപ്രണ്ട്	1. ശ്രീ. ജോൺ നൈനാൻ (സീനിയർ സൂപ്രണ്ട്) 2. ശ്രീ. ശശാങ്കൻ എസ് (ജൂനിയർ സൂപ്രണ്ട്)
4	ക്ലാർക്ക്	ശ്രീ. പ്രദീപ് റാണ ആർ എസ്

ശ്രീ. പ്രദീപ് റാണ ആർ.എസ് എന്നയാളുടെ സർവ്വീസ് സംബന്ധമായ വിഷയങ്ങളിൽ സർക്കാരിന്റെ അനുമതിയില്ലാതെ ഉത്തരവുകൾ പുറപ്പെടുവിക്കുകയോ, സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിക്കുകയോ ചെയ്യരുതെന്ന് 31.12.2025 ലെ 18544/ സി2/2015/പജപവവിവ നമ്പർ കത്ത് പ്രകാരം കർശന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി ടിയാന്റെ നിയമനം ക്രമപ്പെടുത്തുകയും പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തതായി

ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, ഇക്കാര്യത്തിൽ വകുപ്പ് ഡയറക്ടറോട് വിശദീകരണം തേടുകയും വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) അനധികൃതമായി പ്രൊബേഷൻ ഡിക്ലയർ ചെയ്തത് മൂലം സർവീസിൽ തുടരുന്ന ടിയാന് ഇതേവരെ ലഭിച്ച ആനുകൂല്യങ്ങൾ തിരികെ പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

മറുപടി: സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ